# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4472 17.12.2014-ൽ മറുപടിയ്ക്ക്

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ എത്ര കുളം ആരുടെ ശുപാർശ പ്രകാരം എത്ര തുക ചെലവഴിച്ച് നവീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയിട്ടില്ല |
| (ബി) നെടുമുടി പഞ്ചായത്തിൽ 9-ാം വാർഡിൽ മണപ്രാ ഭഗവതി പറമ്പിൽ ശ്രീഭദ്രകാളി ക്ഷേത്രക്കുളം കല്ലുകെട്ടി സംരക്ഷിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) പ്രസ്തുത പദ്ധതിയ്ക്ക് ഫണ്ടുണ്ടായിരുന്ന കാലയളവിൽ പ്രവൃത്തി നടപ്പാക്കാത്ത സാഹചര്യത്തിൽ മുൻഗണന നല്കി ജലവിഭവ വകുപ്പ് മറ്റു പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) &( സി)<br>നെടുമുടി പഞ്ചായത്തിലെ മണപ്ര ഭഗവതി പറമ്പിൽ ശ്രീ ഭദ്രകാളി ക്ഷേത്രത്തിന്റെ കുളം സംരക്ഷിക്കുന്ന പ്രവൃത്തി, കേന്ദ്ര സഹായത്തിലൂടെ നടപ്പിലാക്കുന്ന ആർ.ആർ.ആർ ( Repair, Renovation and Restoration of pond) പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രോജക്ട് റിപ്പോർട്ട് വകുപ്പു തലത്തിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ